നെൽകൃഷി വികസന പദ്ധതികൾ

115 [2014] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നെൽകൃഷി വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) നെല്ലിന്റെ സംഭരണത്തിനും വില നിശ്ചയിക്കുന്നതിനും ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(സി) ഈ സീസണിൽ നെല്ലിന്റെ തറവില നിശ്ചയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സബ്സിഡി തുക നൽകാത്തതുകൊണ്ടാണ് ഈ സീസണിൽ നെല്ല് സംഭരിക്കാൻ സംഘങ്ങൾ തയ്യാറാകാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സംഘങ്ങൾക്കുള്ള കുടിശ്ശിക തീർത്തു നൽകാനും, നെല്ലിന് ന്യായമായ തറവില നിശ്ചയിച്ച് നെല്ല് സംഭരണം ഊർജ്ജിതപ്പെടുത്താനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെൽകൃഷി വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(1) സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 800 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

(2) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(3) നെൽകൃഷി വികസന ഏജൻസികൾ വഴി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 50 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

(4) കർഷകർക്കു ആവശ്യമുള്ള സർട്ടിഫൈഡ് വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് വിത്തു വികസന അതോറിറ്റിക്ക് 27 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

(5) വിത്തു പരിശോധനാ ലാബുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(6) നെൽകൃഷിക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യം അനുവദിക്കുന്നുണ്ട്.

(7) ഒരു സീസണിൽ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നു. പ്രസ്തുത പദ്ധതിക്കായി 1061.80 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(8) രജിസ്ട്രേഡ് വിത്ത് ഉൽപ്പാദന പദ്ധതിപ്രകാരം 140 ലക്ഷം രൂപ സബ്സിഡി ആയി നല്കുന്നു.

(9) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 343 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

(10) സംയോജിത വളപ്രയോഗപദ്ധതിപ്രകാരം 22.5 ലക്ഷം രൂപയും സംയോജിത കീടനിയന്ത്രണ പദ്ധതിപ്രകാരം 37.68 ലക്ഷം രൂപയും ചെലവഴിക്കുന്നതാണ്.

(11) കൊയ്ത്തു കാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു.

(12) വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

(13) വിളനാശം നേരിട്ട കർഷകർക്കുള്ള നഷ്ടപരിഹാര തുക ഇരട്ടിയാക്കിയിട്ടുണ്ട്.

(14) വിവര സാങ്കേതിക വിദ്യയുടെയും ജൈവ സാങ്കേതിക വിദ്യയുടേയും അനന്ത സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നെൽക്കൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക രംഗം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(15) കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 33000 ഹെക്ടർ വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. മറ്റു ജില്ലകളിലെ നെല്ലു വികസന സമിതികൾക്ക് നബാർഡ് സഹായത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കേരളത്തിൽ നെല്ലിന് തറവില നിശ്ചയിക്കാറില്ല. ഇവിടെ വില നിയന്ത്രിക്കാൻ മാർക്കറ്റ് ഇന്റർവെൻഷനെ നടത്തുന്നുള്ളൂ. പകരം ഓരോ ജില്ലയിലും സംഭരണവില നിശ്ചയിക്കുകയാണ് ചെയ്യുന്നത്. ഉൽപ്പാദന ചിലവിന്റെയും കമ്പോള നിരക്കിന്റെയും അടിസ്ഥാനത്തിൽ നെല്ലിന്റെ സംഭരണവില നിശ്ചയിക്കുന്നത് അതാത് സമയത്തെ വിപണിലഭ്യത നോക്കി ജില്ലാതല കമ്മിറ്റികളാണ്. കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടറും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറും ആണ്. ഇവരെ കൂടാതെ ജോയിന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, റൈസ് ഹൗസിംഗ് കോർപ്പറേഷൻ പ്രതിനിധി എന്നിവർ അംഗങ്ങളുമാണ്.

(ഡി) ഉണ്ട്.

(ഇ) കുടിശ്ശിക പൂർണ്ണമായും നൽകുന്നതിനാവശ്യമായ തുക ഇതിനകം അനുവദിച്ചിട്ടുണ്ട്. നെല്ലിന്റെ സംഭരണ വില നിശ്ചയിച്ച് നെല്ല് സംഭരണം ഊർജ്ജിതമായി നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly